ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE : 03.06.2025**

പ്രധാന വാർത്തകൾ

**TIME :12.50 PM**

1) കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി ചർച്ച ചെയ്യും.

**Kerala CM Pinarayi Vijayan will meet Union Railway Minister Ashwini Vaishnaw to discuss the matters related to the rail development in Kerala.**

2) ഭീകരവാദത്തിനെതിരായ ശക്തമായ നിലപാട് വ്യക്തമാക്കി ഇന്ത്യൻ പ്രതിനിധി സംഘങ്ങൾ വിദേശ രാജ്യങ്ങളിൽ പര്യടനം തുടരുന്നു.

**As part of India’s continued efforts under Operation Sindoor and in line with its principled and resolute stand against terrorism, multiple all-party delegations are visiting countries across the globe.**

3) കനത്തമഴയിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വ്യാപക നാശനഷ്ടം. സ്ഥിതിഗതികൾ വിലയിരുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി.

**Heavy rain cause widespread havoc in Northeastern states. PM Modi assessed the situation**

### 4) നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പത്രികകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു; പ്രചാരണം ഊർജിതമാക്കി മുന്നണികൾ

**Scrutiny of Nomination papers started for Nilambur byelection. Political parties intensified campaigning.**

### 5) ഐപിഎൽ ക്രിക്കറ്റ് ഫൈനലിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സിനെ നേരിടും

**In cricket, Royal Challengers Bengaluru to take on Punjab Kings for IPL 2025 title in Ahmedabad this evening.**

**&&&&&&&&&&&&&&&**

## HEADLINE-1

**CM–ASWINIVAISHNAV**

കേരളത്തിലെ റെയിൽവേ വികസനം സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സിൽവർലൈൻ ഉൾപ്പെടെ സംസ്ഥാനത്തെ റെയിൽവേ വികസന വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്യുമെന്നാണ് വിവരം. ന്യൂഡൽഹിയിലെ റെയിൽ ഭവനിലാണ് കൂടിക്കാഴ്ച.

&&&&&&&&&&&&&&&&

## HEADLINE-2

**REV. ALL PARTY DELEGATION (INTRO)**

*ഓപ്പറേഷൻ സിന്ദൂറിന്റെ പാശ്ചാത്തലത്തിൽ ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ ശക്തമായ നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി എം.പിമാരുടെ നേതൃത്വത്തിലുള്ള ഏഴ് സർവകക്ഷി പ്രതിനിധി സംഘങ്ങൾ വിദേശ പര്യടനം തുടരുന്നു. കോൺഗ്രസ് എംപി ശശി തരൂരിൻറെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം ബ്രസീലിൽ നിന്നും ഇന്ന് അമേരിക്കയിലെത്തും. വാഷിംഗ്ടണിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി പ്രതിനിധി സംഘം സംവദിക്കും. പാകിസ്ഥാൻ പ്രതിനിധി സംഘവും ഇതേ ദിവസം വാഷിംഗ്ടണിലെത്തുന്നത്, വിഷയത്തിന് കൂടുതൽ ശ്രദ്ധ ലഭിക്കാൻ, സഹായകമാകുമെന്ന് ശ്രീ തരൂർ പറഞ്ഞു.*

*( ഹോൾഡ് വോയിസ് )*

*സുപ്രിയ സുലെ എം.പി യുടെ നേതൃത്വത്തിലുള്ള സംഘം ഈജിപ്തിൽ പര്യടനം തുടരുകയാണ്. ശിവസേന എംപി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ലൈബീരിയൻ പ്രസിഡന്റ് , വിദേശകാര്യ മന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തി. സന്ദർശിച്ച എല്ലാ രാജ്യങ്ങളും ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് പിന്തുണ പ്രഖ്യാപിച്ചതായി ശ്രീ ഷിൻഡെ പറഞ്ഞു. റഷ്യ, ലാത്വിയ, സ്ലോവേനിയ, ഗ്രീസ്, സ്പെയിൻ എന്നിവിടങ്ങളിലെ സന്ദർശനം പൂർത്തിയാക്കിയ ഡിഎംകെ എംപി കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘം ഇന്ന് തിരികെ ഇന്ത്യയിലെത്തും. ബഹ്റൈൻ, കുവൈറ്റ്, സൗദി അറേബ്യ, അൾജീരിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷം ബിജെപി എംപി ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘവും ഇന്ന് ന്യൂഡൽഹിയിലേക്ക് മടങ്ങും.*

**&&&&&&&&&&&&&&**

## HEADLINE-3

**FLOOD – ASSAM + Nagaland –**

കനത്തമഴയിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വ്യാപക നാശനഷ്ടം. അസമിലെ 5 ജില്ലകളിൽ വെള്ളപ്പൊക്ക ഭീഷണി തുടരുകയാണ്. 12,600 ഹെക്ടറിലധികം ഭൂമിയിൽ വ്യാപക കൃഷി നാശവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസ്സം, മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ, മിസോറം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മിന്നൽ പ്രളയത്തിനും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുന്നതിനും സാധ്യതയുണ്ടെന്ന് ദേശീയ ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. അസമിൽ അഞ്ച് ലക്ഷത്തോളം പേരെയാണ് പ്രളയം ബാധിച്ചത്. ബ്രഹ്മപുത്ര ഉൾപ്പെടെയുള്ള നദികൾ കരകവിഞ്ഞൊഴുകുകയാണ്. നാഗാലാൻഡിലെ കിസാമയ്ക്ക് സമീപം ദേശീയ പാത മഴയിൽ ഇടിഞ്ഞു താഴ്ന്നു.

**&&&&&&&&&&&&&&**

**PM – NORTHEAST FLOODS**

കനത്ത മഴയുടെയും വെള്ളപ്പൊക്കത്തിന്റെയും സാഹചര്യത്തിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്ഥിഗതികൾ സംബന്ധിച്ച് അസ്സം,സിക്കിം മുഖ്യമന്ത്രിമാരുമായി സംഭാഷണം നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി . ദുരിതബാധിത സംസ്ഥാനങ്ങൾക്ക് എല്ലാ സഹായവും ഉറപ്പുനൽകിയ പ്രധാനമന്ത്രി ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്കും പിന്തുണ അറിയിച്ചതായി അസ്സം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ വ്യക്തമാക്കി. സിക്കിമിലെ സ്ഥിതിഗതികളിൽ ആശങ്ക രേഖപ്പെടുത്തിയ പ്രധാനമന്ത്രി എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തതായി സിക്കിം മുഖ്യമന്ത്രി പ്രേം സിംഗ് തമാങ് പറഞ്ഞു.

**&&&&&&&&&&&&&&**

**BIHAR DEATHS**

ബിഹാറിലെ സീവാൻ ജില്ലയിൽ മഴക്കെടുതികളിൽ ഏഴ് മരണം. ശക്തമായ കാറ്റിലും മഴയിലും മരങ്ങൾ കടപുഴകി വീണുണ്ടായ അപകടങ്ങളിലാണ് മിക്കവർക്കും ജീവൻ നഷ്ടമായത്. വ്യാപക നാശനഷ്ടങ്ങളും മേഖലയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&

**COVID – NATIONAL**

രാജ്യത്ത് നിലവിൽ 4,026 പേർ കോവിഡ് ബാധിച്ച് ചികിത്സയിൽ തുടരുന്നതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്ന കേരളത്തിൽ 1,416 പേർക്കാണ് രോഗ ബാധ. കോവിഡ് ബാധിതരുടെ എണ്ണത്തിൽ മഹാരാഷ്ട്രയാണ് രണ്ടാം സ്ഥാനത്ത്. മഹാരാഷ്ട്രയിൽ കോവിഡ് വ്യാപനം കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. പകർച്ചപ്പനി ലക്ഷണവുമായി എത്തുന്നവരിൽ 5 ശതമാനം പേർക്ക് കോവിഡ് പരിശോധന നടത്തണമെന്ന് നിർദേശമുണ്ട്. ഇതിനായുള്ള സൗകര്യങ്ങൾ എല്ലാ കേന്ദ്രങ്ങളിലും ഒരുക്കാൻ ആരോഗ്യവകുപ്പ് നിർദേശം നൽകി. നിലവിൽ മഹാരാഷ്ട്രയിൽ 506 കോവിഡ് ബാധിതരാണുള്ളത്.

&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....**

&&&&&&&&&&&&&&

# HEADLINE-4

**NILAMBUR BYELECTION**

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു. 19 പേരാണ് പത്രിക സമർപ്പിച്ചിരിക്കുന്നത്. മറ്റന്നാൾ വരെയാണ് പത്രിക പിൻവലിക്കാനുള്ള സമയപരിധി. എൽഡിഎഫ്

സ്ഥാനാർഥി എം.സ്വരാജ്, യുഡിഎഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജ്, തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥി പി.വി.അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ. നിലമ്പൂരിൽ ഈ മാസം 19 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും.

&&&&&&&&&&&&&&

**TRAWLING (INTRO)**

***കേരളത്തിൽ ട്രോളിങ്ങ് നിരോധനം ഈ മാസം 9 ന് ആരംഭിക്കും. മത്സ്യബന്ധനത്തിനുള്ള വിലക്ക് നീങ്ങിയതോടെ ഒരാഴ്ച്ചയ്ക്ക് ശേഷം ഇന്നലെയാണ് മത്സ്യത്തൊഴിലാളികൾ കടലിൽ പോയത്. മോശം കാലാവസ്ഥയും, കപ്പൽ അപകടവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചു.***

***വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....***

***(വോയിസ്)***

&&&&&&&&&&&&&&

**NEET PG POSTPONED**

നീറ്റ് പി.ജി എൻട്രൻസ് പരീക്ഷ മാറ്റിവച്ചു. ഈ മാസം 15-ന് നടത്താനിരുന്ന പരീക്ഷയാണ് മാറ്റിവച്ചത്. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. നീറ്റ് പിജി പരീക്ഷ ഒറ്റ ഷിഫ്റ്റിൽ നടത്തണമെന്ന് കഴിഞ്ഞ ദിവസം സുപ്രീം കോടതി ഉത്തരവിട്ടിരുന്നു. ഇതിനായി കൂടുതൽ പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിൻറെ ഭാഗമായാണ് നടപടി.

&&&&&&&&&&&&&&

## PUNJAB- SPY ARRESTED

പാകിസ്ഥാൻ രഹസ്യാന്വേഷണ ഏജൻസി ഐഎസ്ഐയുമായി ബന്ധമുള്ള ഗഗൻദീപ് സിംഗ് എന്നയാളെ പഞ്ചാബ് പോലീസ് അറസ്റ്റ് ചെയ്തു. ദേശീയ സുരക്ഷയ്ക്ക് ഗുരുതരമായ ഭീഷണി ഉയർത്തുന്ന

തന്ത്രപ്രധാന വിവരങ്ങൾ ഇയാൾ ചോർത്തിയതായും പോലീസ് വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂറിന്റെ കാലയളവിൽ ഉൾപ്പെടെ സൈനിക നീക്കങ്ങളെക്കുറിച്ചുള്ള നിർണായക വിവരങ്ങൾ ഇയാൾ പങ്കിട്ടിരുന്നതായും പോലീസ് പറയുന്നു. ഇയാളുടെ മൊബൈൽ ഫോണിൽ നിന്നും 20 ലധികം ഐഎസ്ഐ പ്രവർത്തകരുടെ ഇന്റലിജൻസ് വിശദാംശങ്ങളും കോൺടാക്റ്റ് വിവരങ്ങളും ഉൾപ്പെടെ കണ്ടെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**HAJJ**

ഈ വർഷത്തെ ഹജ്ജ് കർമങ്ങൾക്ക് നാളെ തുടക്കമാകും. മിനായിലെ തമ്പുകളിൽ തീർത്ഥാടകരെത്തുന്നതോടെയാണ് കർമങ്ങൾ ആരംഭിക്കുക. നാളെ മുഴുവൻ സമയവും തീർത്ഥാടകർ മിനായിൽ പ്രാർത്ഥനയിൽ കഴിയും. ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം മറ്റെന്നാൾ നടക്കും. 18 ലക്ഷത്തിലധികം തീർത്ഥാടകർ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

&&&&&&&&&&&&&&&&&&

## HEADLINE-5

**IPL**

ഐപിഎൽ ക്രിക്കറ്റ് ഫൈനലിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സിനെ നേരിടും. അഹമ്മദാബാദ് സ്റ്റേഡിയത്തിൽ രാത്രി 07.30 ന് ആണ് മത്സരം. കന്നിക്കിരീടം ലക്ഷ്യമിട്ടാണ് ശ്രേയസ് അയ്യർ നയിക്കുന്ന പഞ്ചാബും, രജത് പാട്ടിദാറിന്റെ നേതൃത്വത്തിലുള്ള ബെംഗളൂരുവും കളിക്കളത്തിലിറങ്ങുന്നത്. ഏതു ടീം ജയിച്ചാലും ഐപിഎൽ ചരിത്രത്തിലെ പുതു ചാമ്പ്യന്റെ പിറവിയായിരിക്കും ഇതെന്ന പ്രത്യേകതയും ഇക്കുറി ഫൈനലിനുണ്ട്.

&&&&&&&&&&&&&&&&&&

**INDONESIA OPEN**

ഇന്തോനേഷ്യ ഓപ്പൺ ബാഡ്മിന്റൻ വനിതാ സിംഗിൾസ് ആദ്യ റൗണ്ടിൽ ഇന്ത്യയുടെ പിവി സിന്ധു ജപ്പാൻ താരം നൊസോമി ഒകുഹാരയെ പരാജയപ്പെടുത്തി . പുരുഷ സിംഗിൾസിൽ, ലക്ഷ്യ സെൻ ചൈനയുടെ ഷി യുകിയോട് പരാജയപ്പെട്ടു .

&&&&&&&&&&&&&&

## ICC- WOMENS WORLD CUP

വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റ് ടൂർണമെൻറിൻറെ ഷെഡ്യൂൾ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ പ്രഖ്യാപിച്ചു. സെപ്റ്റംബർ 30 മുതൽ നവംബർ 2 വരെ ഇന്ത്യയിലും ശ്രീലങ്കയിലുമായി അഞ്ച് വേദികളിലാണ് മത്സരങ്ങൾ നടക്കുന്നത്. ഇന്ത്യയ്ക്ക് പുറമെ ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ദക്ഷിണാഫ്രിക്ക, ന്യൂസിലൻഡ്, ശ്രീലങ്ക, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നീ ടീമുകൾ വനിതാ ലോകകപ്പിൽ മത്സരിക്കും.

&&&&&&&&&&&&&&

## UNGA-PRESIDENT

ഐക്യരാഷ്ട്ര പൊതുസഭയുടെ അടുത്ത പ്രസിഡന്റായി ജർമൻ വിദേശകാര്യമന്ത്രി അന്നലിന ബെർബൊക്കിനെ തിരഞ്ഞെടുത്തു. 193 ൽ 167 വോട്ടുകൾ നേടിയാണ് വിജയം. സെപ്തംബർ മുതൽ ഒരു വർഷത്തേക്കാണ് ചുമതല. അന്നലിനയുടെ സ്ഥാനാർത്ഥിത്വത്തെ റഷ്യ ശക്തമായി എതിർത്തു. റഷ്യയ്ക്കെതിരായ പക്ഷപാതപരമായ നിലപാട് ആരോപിച്ചാണ് എതിർപ്പ്.

&&&&&&&&&&&&&&

## MT. ETNA EXPLOSION

ഇറ്റലിയിലെ മൗണ്ട് എറ്റ്ന അഗ്നിപർവതം പൊട്ടിത്തെറിച്ചു. യൂറോപ്പിലെ ഏറ്റവും സജീവമായ അഗ്നിപർവ്വതമാണ് ഇന്നലെ പൊട്ടിത്തെറിച്ചത്. ഇതേത്തുടർന്ന് പുറത്തേക്കു വമിച്ച ചാരവും പുകയും വിനോദസഞ്ചാരികളിലടക്കം പരിഭ്രാന്തി സൃഷ്ടിച്ചു. അപകടങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്നും, പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&

**TURKEY-EARTHQUAKE**

തുർക്കി അതിർത്തിക്ക് സമീപം ഗ്രീസിലെ ഡോഡെകാനീസ് ദ്വീപുകളിൽ ഭൂചലനം . റിക്ടർ സ്കെയിലിൽ 6.2 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഇന്ന് പുലർച്ചെയാണുണ്ടായത്. ഇതെ സമയം തന്നെ തുർക്കിയിലെ മർമാരിസിൽ 5.8 തീവ്രതയുള്ള ഭൂചലനവുമുണ്ടായി.

&&&&&&&&&&&&&&&

**BRICS - MIN MEET**

സമഗ്രവും സുസ്ഥിരവുമായ ഡിജിറ്റൽ വികസനത്തിനുള്ള പ്രതിബദ്ധത 11-ാമത് ബ്രിക്സ് വാർത്താവിനിമയ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ ആവർത്തിച്ച് ഇന്ത്യ . ബ്രസീലിൽ ഇന്നലെ നടന്ന യോഗത്തിൽ സമഗ്രവും പരിവർത്തനാത്മകവുമായ ഡിജിറ്റൽ ഗവേണൻസ് നടപ്പാക്കുന്നതിന് ഇന്ത്യ നടത്തുന്ന നീക്കങ്ങൾ കേന്ദ്ര സഹമന്ത്രി പെമ്മസാനി ചന്ദ്രശേഖർ അവതരിപ്പിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&